"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലം പൂങ്കോട് ജി ഇ എം എസ് ഹൈ സ്കൂളിലെ യു പി എസ് ടി ശ്രീമതി ബിനു ബി എസ് ബഹു ഹൈ കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 17852/2021 കേസിലെ 3.9.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.147/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 07/01/2022

---

പരാമർശം:- 1. ശ്രീമതി. ബിനു ബി എസ് സമർപ്പിച്ച 3.7.2021 ലെ ഹർജി {Ext P11 }

2. ശ്രീമതി. ബിനു ബി എസ് ഫയൽ ചെയ്ത WP(C) No. 17852/2021 കേസിലെ 3.9.2021 ലെ വിധിന്യായം

3. പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 9.11.2021 ലെ B3/2919/2021 നമ്പർ കത്ത്.

4 . കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 24.11.2021 ലെ DDEKLM/12784/2021-B6 നമ്പർ കത്ത്.

5.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.11.2021 ലെ ET5/12670/2021/DGE നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം പൂങ്കോട് ജി ഇ എം എസ് ഹൈ സ്കൂളിലെ യു പി എസ് ടി ശ്രീമതി ബിനു ബി എസ് ബഹു ഹൈ കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 17852/2021 കേസിലെ 3.9.2021 ലെ വിധിന്യായ പ്രകാരം ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച Ext P11 ഹർജിയിൽ ഹർജിക്കാരിയെയും മാനേജരെയും നേരിൽ കേട്ട് തീരുമാനമെടുക്കാൻ സർക്കാരിന് നിർദേശം ലഭിക്കുകയുണ്ടായി . ഇതിന്റെ അടിസ്ഥാനത്തിൽ ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് വഴി 29.11.2021-ന് കേട്ടു.

2) ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു.

എ) കൊല്ലം ജില്ലയിലെ ജെ.ഇ.എം.എസ് ഹൈസ്കൂൾ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്. ശ്രീമതി.ബിന്ദു ബി.എസിനെ 01/06/2010 മുതൽ യു.പി.എസ്.റ്റി ആയി അധിക തസ്തികയിൽ നിയമിച്ച മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ലായെന്ന കാരണത്താൽ ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ഉപഡയറക്ടറും പൊതുവിദ്യാഭ്യാസ ഡയറക്ടറും പിന്നീട്, അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01/06/2011 മുതൽ നിയമനാംഗീകാരം നൽകിയിട്ടുള്ളതാണ്.

ബി) സമാന നിയമനങ്ങളിൽ മാനേജർ ബോണ്ട് വെച്ചതായി കണക്കാക്കി നിയമനാംഗീകാരം നൽകുവാൻ ബഹു. ഹൈക്കോടതിയുടെ റിട്ട് അപ്പീൽ നം. 2290/15&2291/2018 എന്നീ വിധികളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇത്തരം വിധികൾ പരിഗണിച്ച് സർക്കാർ നിയമന നിരോധനകാലത്തെ നിരവധി നിയമനങ്ങൾ മാനേജർ ബോണ്ട് വെച്ചതായി കണക്കാക്കി നിയമനാംഗീകാരം നൽകിയിട്ടുള്ളതാണ്. ജി.ഒ (ആർ.റ്റി) നം. 4477/2017/പൊ.വി.വ തീയതി 21/11/2017 എന്ന ഉത്തരവിലും സമാന രീതിയിലും സർക്കാർ നിയമനാംഗീകാരം നൽകിയിട്ടുള്ളതാണ്. സ.ഉ (സാധാ) നം. 4708/2019/പൊ.വി.വ തീയതി 07/11/2019 എന്ന സർക്കാർ ഉത്തരവിലും മാനേജർ ബോണ്ട് വെച്ചതായി കണക്കാക്കി നിയമന തീയതി മുതൽ അംഗീകാരം നൽകുവാൻ ഉത്തരവ് ആയിട്ടുള്ളതാണ്. കൂടാതെ ജി.ഒ (ആർ.റ്റി) നം.1185/2020/പൊ.വി.വ തീയതി 07/03/2020 എന്ന ഉത്തരവിലും സമാന രീതിയിൽ 01/06/2010 മുതൽ നിയമിച്ചിട്ടുള്ള അദ്ധ്യാപികയ്ക്ക് സർക്കാർ നിയമനാംഗീകാരം നൽകിയിട്ടുള്ളതാണ്.

മേൽ സാഹചര്യങ്ങളുടെയും കോടതി വിധികളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ശ്രീമതി. ബിനു.ബി.എസിന്റെ 01/06/2010 മുതൽ 31/05/2011 വരെ യു.പി.എസ്.റ്റി ആയി അധിക തസ്തികയിലുള്ള നിയമനം അംഗീകരിച്ച് നൽകുവാൻ ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

3) ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എ) ശ്രീമതി.ബിനു.ബി.എസിനെ പൂങ്കോട് ജെംസ് ഹൈസ്കൂളിൽ യു.പി.എസ്.റ്റി ആയി 01/06/2010 തീയതി പ്രാബല്യത്തിൽ മാനേജർ നിയമിക്കുകയുണ്ടായി. 2010-11 അധ്യയന വർഷത്തിലെ പ്രതീക്ഷിത അധിക തസ്തികയിലാണ് മാനേജർ ടിയാരിയെ നിയമിച്ചത്. ടി നിയമനം ഈ ആഫീസിലെ ബി3/3130/2010/ഡി.ഡിസ് തീയതി 27/04/2011-ാം നമ്പർ ഉത്തരവ് പ്രകാരം താഴെ പറയുന്ന കാരണങ്ങളുടെ അടിസ്ഥാനത്തിൽ നിരസിച്ചു നൽകുകയും ചെയ്തു.

1) അധിക തസ്തികയിലാണ് നിയമനം നടത്തിയിട്ടുള്ളത്.

2) 12/1/2010 ലെ സ.ഉ (പി) നം.10/2010/പൊ.വി.വ നം. ഉത്തരവിലെ വ്യവസ്ഥകൾ മാനേജർ പാലിച്ചിട്ടില്ല.

3) ചട്ടം 51 ബി അവകാശികളെ സംബന്ധിച്ചുള്ള സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല.

4) 01/06/2010 തീയതി പ്രാബല്യത്തിലുള്ള യു.പി.എസ്.എ മാരുടെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല

ബി) മേൽ നിരസിക്കലിനെതിരെ മാനേജർ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ നൽകുകയും കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർ ബന്ധപ്പെട്ട എല്ലാ കക്ഷികളെയും നേരിട്ട് കേൾക്കുകയും ചെയ്തു. ശ്രീമതി.ബിനു.ബി.എസിന്റെ പേര് ടീച്ചേഴ്സ് പാക്കേജുമായി ബന്ധപ്പെട്ട് സർക്കാർ

പുറപ്പെടുവിച്ച 01/10/2011 ലെ സ.ഉ(പി) നം.199/2011/പൊ.വി.വ നമ്പർ ഉത്തരവിന്റെ അനുബന്ധ പട്ടികയിലെ വേതനമില്ലാതെ ജോലി ചെയ്യുന്ന അധ്യാപകരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ടിയാരിയുടെ നിയമനം മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ പുതിയ അപേക്ഷയായി പരിഗണിക്കാൻ പുനലൂർ ജില്ലാവിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകി. കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർ അപ്പീൽ തീർപ്പാക്കുകയും ചെയ്തു. 01/10/2011 ലെ സ.ഉ(പി) നം.199/2011/ജന.എഡ്യൂ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ബിനു.ബി.എസിന്റെ നിയമനം ഈ ആഫീസിൽ നിന്നുള്ള ബി3/9674/2011/ഡി.ഡിസ് തീയതി. 24/12/2011-ാം നമ്പർ ഉത്തരവ് പ്രകാരം 01/06/2011 മുതൽ അംഗീകരിച്ച് നൽകുകയും ചെയ്തു.

സി) ശ്രീമതി. ബിനു.ബി.എസിന്റെ യു.പി.എസ്.റ്റി ആയിട്ടുള്ള നിയമനം 01/06/2010 തീയതി പ്രാബല്യത്തിൽ ഈ ആഫീസിൽ നിന്നും അംഗീകരിച്ച് നൽകാതിരുന്നത് മാനേജർ 12/01/2010 ലെ സ.ഉ(പി) നം.10/2010/ജന. എഡ്യൂ നംപർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാത്തതിനാലാണ്. 01/06/2011 ന് മുമ്പുള്ള നിയമനങ്ങൾ പ്രത്യേകമായി പിന്നീട് കെ.ഇ.ആർ ഭേദഗതിക്കനുസൃതമായി പരിഗണിക്കുമെന്ന് സർക്കാരിൽ നിന്നുള്ള 25/10/2011-ലെ 60930/ജെ2/11/ജന.എഡ്യൂ.നം. ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

4) വിദ്യാഭ്യാസ ഉപഡയറക്ടറുടെയും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെയും റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

അദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ട് 01/06/2011 മുതൽ നിയമനാംഗീകാരം നൽകിയവരുടെ മുൻകാല സർവ്വീസ് അംഗീകരിക്കുന്നതിന് പൊതുവായ സർക്കാർ ഉത്തരവ് നിലവിലില്ലാത്തതിനാലാണ് ശ്രീമതി. ബിനു.ബി.എസ്സിന്റെ 01/06/2010 മുതലുള്ള നിയമനം അംഗീകരിക്കാതിരുന്നതെന്ന് ബോധിപ്പിക്കുന്നു. ടി സ്കൂൾ മാനേജർ 12/01/2010 ലെ സ.ഉ(പി) 10/10/പൊ.വി.വ സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരമുള്ള ബോണ്ട് സമർപ്പിച്ചിട്ടില്ലാത്തതിനാലും റിട്ട് സിവിൽ നം. 17852/2021 കേസിലെ 03/09/2021 ലെ വിധിന്യായത്തിൽ മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കണമെന്ന "Deeming Provision" നോ സമാന കേസുകളിലെ ഉത്തരവുകളോ പരാമർശിച്ചിട്ടില്ലാത്തതിനാലും പരാതിക്കാരന്റെ എക്സിബിറ്റ് പി11 റിവിഷൻ ഹർജി പരിഗണിച്ച് ചട്ടപ്രകാരം ഉചിതമായ ഉത്തരവുകൾ നൽകാവുന്നതാണ്. 01/06/2010 ൽ കൊല്ലം റവന്യൂ ജില്ലയിൽ യു.പി.എസ്.റ്റി തസ്തികയിൽ സംരക്ഷിതാദ്ധ്യാപകർ നിലവിലുണ്ടായിരുന്നു.

5) മേൽ വിവരിച്ച വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ഹർജിക്കാരിയുടെ നിയമനം നടത്തിയ 01/06/2010 ൽ കൊല്ലം റവന്യൂ ജില്ലയിൽ യു.പി.എസ്.റ്റി തസ്തികയിൽ സംരക്ഷിതാദ്ധ്യാപകർ നിലവിലുണ്ടായിരുന്നു എന്ന് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. 12/01/2010 ലെ സ.ഉ(പി) 10/10/പൊ.വി.വ സർക്കാർ ഉത്തരവിലെ അഞ്ചാമതു വ്യവസ്ഥ പ്രകാരം 2006-07 മുതൽ 2009-10 വരെ മാനേജർമാർ അധികതസ്തികകളിൽ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിന് തത്തുല്യം പ്രൊട്ടക്റ്റഡ് റ്റീച്ചർമാരെ 2010-11 മുതലുണ്ടാകുന്ന എല്ലാത്തരം ഒഴിവുകളിലും നിയമിച്ചു കൊള്ളാമെന്ന ബോണ്ട് വയ്ക്കേണ്ടതുണ്ടായിരുന്നു. ഇവിടെ മാനേജർ 2006-07 മുതൽ 2009-10 വരെ അത്തരം നിയമനങ്ങൾ നടത്തിയിട്ടുണ്ടോ എന്നു റിപ്പോർട്ടുകളിൽ നിന്നും വ്യക്തമല്ല. പ്രസ്തുത ഉത്തരവിലെ അഞ്ചാമതു വ്യവസ്ഥപ്രകാരം തത്തുല്യം പ്രൊട്ടക്റ്റഡ് റ്റീച്ചർമാരെ 2010-11

മുതലുണ്ടാകുന്ന എല്ലാത്തരം ഒഴിവുകളിലും നിയമിച്ചു കഴിഞ്ഞതിനുശേഷം പിന്നീടുണ്ടാകുന്ന അധികതസ്തികകളിൽ ആറാമതു വ്യവസ്ഥപ്രകാരം 1:1 റേഷ്യോ പ്രകാരം പ്രൊട്ടക്റ്റഡ് ടീച്ചർ നിയമനങ്ങൾ നടത്താൻ മാനേജർമാർ ബാദ്ധ്യസ്ഥരായിരുന്നു. അതായത്, മേല്പറഞ്ഞ രണ്ടു വ്യവസ്ഥകൾ അനുസരിച്ചും 2010-11ലുണ്ടായ അധിക തസ്തികയിൽ 01/06/2010 ൽ ഹർജിക്കാരിയുടെ നിയമനം നടത്തുന്നതിനു പകരം പ്രൊട്ടക്റ്റഡ് റ്റീച്ചറെ വേണമായിരുന്നു മാനേജർ നിയമിക്കേണ്ടിയിരുന്നത്. അതുകൊണ്ട്, ഹർജിക്കാരിയുടെ നിയമനം നടത്തിയിരിക്കുന്നത് പ്രൊട്ടക്റ്റഡ് റ്റീച്ചറെ നിയമിക്കേണ്ടതായ ഒഴിവിലേയ്ക്കാണ്. പ്രൊട്ടക്റ്റഡ് റ്റീച്ചറെ നിയമിക്കേണ്ടതായ ഒഴിവിലേയ്ക്ക് മാനേജർ നേരിട്ടുള്ള നിയമനം നടത്തിയാൽ ആ ക്രമരാഹിത്യം പരിഹരിക്കുന്നതിന് പിന്നീട്ടുള്ള കാലയളവിലുണ്ടാകുന്ന ഒഴിവിലേയ്ക്ക് അതിനു ബദലായി ഒരു പ്രൊട്ടക്റ്റഡ് റ്റീച്ചറെ നിയമിക്കുന്നതിന് പ്രസ്തുത മാനേജർ സ്വാഭാവികമായും ബാദ്ധ്യസ്ഥനാണ്.

6) മേൽ വിവരിച്ച സാഹചര്യത്തിൽ, 12/01/2010 ലെ സ.ഉ(പി) 10/10/പൊ.വി.വ സർക്കാർ ഉത്തരവിലെ അഞ്ചാമതും ആറാമതും വ്യവസ്ഥകൾക്കെതിരെ മാനേജർ ബഹു: സുപ്രീം കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചിട്ടില്ലെന്ന കാര്യം ഉറപ്പു വരുത്തിയശേഷം, ഹർജിക്കാരിയുടെ നിയമനം നടത്തിയതിനു പകരമായി ഭാവിയിലുണ്ടാകുന്ന ആദ്യ അധിക തസ്തികയിൽ പ്രൊട്ടക്റ്റഡ് റ്റീച്ചറെ നിയമിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 01/06/2010 മുതലുള്ള ഹർജിക്കാരിയുടെ നിയമനം അംഗീകരിച്ചുനൽകുന്നതിന് വിദ്യാഭ്യാസ ഓഫീസർക്കു നിർദ്ദേശം നൽകി, എക്സിബിറ്റ്.പി. 11 റിവിഷൻ തീർപ്പാക്കി അപ്രകാരം പരാമർശം (2) കോടതി വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.

പൊതു വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ , കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ,പുനലൂർ , കൊല്ലം

ശ്രീ ബിനു ബി എസ് , യു പി എസ് ടി, ജി ഇ എം എസ് ഹൈ സ്കൂൾ, പൂങ്കോട്, ചടയമംഗലം ,കൊല്ലം

മാനേജർ, ജി ഇ എം എസ് ഹൈ സ്കൂൾ, പൂങ്കോട്, ചടയമംഗലം ,കൊല്ലം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 07-01-2022 16:34:13
Reason: Approved

സെക്ഷൻ ഓഫീസർ